# എല്ലാ മതങ്ങളും ശരിയോ?

ഗ്രന്ഥകർത്താ:-

മോൺസിഞ്ഞോർ

തോമസ് വടശ്ശേരി എൽ. ഡി.

(വില 18 പൈസ.)

Printed at the
St. Joseph's Printing House,
Tiruvalla - 1968

www.malankaralibrary.com

# എല്ലാ മതങ്ങളും ശരിയോ?

(നാരായണപിള്ള എന്ന ഹിന്ദുവും, മൊയ്തീൻകുഞ്ഞ് എന്ന മഹമ്മദീയനും, തോമസ്സ് എന്ന ക്രിസ്ത്യാനിയും കോളേജു വിദ്യാർത്ഥികളാണ്. ഒരു ദിവസം വൈകിട്ടു കോളേജു മൈതാനത്തിൽ ഇരുന്ന് അവർ പല കാര്യങ്ങളെ സംബന്ധിച്ച സംഭാഷണം നടത്തവെ അവരുടെ ചിന്ത മതകാര്യങ്ങളിലേക്കു തിരിഞ്ഞു.)

നാരായണപിള്ള—ഈ കോളേജിൽ ഒരുമിച്ചു പഠിച്ച് സ്നേഹിതന്മാരായിത്തീർന്ന നമുക്കു ഭാവിയിൽ എല്ലാകാര്യങ്ങളിലും ഐക്യത്തിൽ ജീവിക്കുവാൻ ദൃഢനിശ്ചയം ചെയ്യാം. സാഹിത്യം, ചരിത്രം, ധനതത്വശാസ്ത്രം ആദിയായ വിഷയങ്ങൾ ഇവിടെ നാം പഠിക്കുന്നു. ഈ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഒരേ അഭിപ്രായമാണ് നമുക്കെല്ലാം ഉള്ളത്. ഇങ്ങനെ മതകാര്യങ്ങളിലും ഒരേ അഭിപ്രായങ്ങൾ നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

മൊയ്തീൻകുഞ്ഞ്—നാരായണപിള്ളേ! മതകാര്യങ്ങളിൽ ഒരേ അഭിപ്രായം സ്വീകരിക്കുക സാദ്ധ്യമല്ല. മഹമ്മദീയരായ ഞങ്ങളുടെ വിശ്വാസം അള്ളാ അല്ലാതെ വേറെ ദൈവമില്ലെന്നും, മഹമ്മദ് ദൈവത്തിൻെറ പ്രവാചകനാണെന്നുമത്രേ. ഹിന്ദുക്കളും ക്രിസ്ത്യാനികളുമെല്ലാം മഹമ്മദു മതം സ്വീകരിച്ചെങ്കിലേ അള്ളാ പ്രസാദിക്കയുള്ളു എന്നാണു ഞങ്ങളുടെ വിശ്വാസം.

തോമസ്സ്—ക്രിസ്ത്യാനികളായ ഞങ്ങളുടെ വിശ്വാസം ക്രിസ്തു സാക്ഷാൽ ദൈവമാണെന്നും, ക്രിസ്തുവിൽ എല്ലാവരും വിശ്വസിക്കണമെന്നും, എല്ലാവരും ക്രിസ്ത്യാനികളായിത്തീർന്നെങ്കിൽ മാത്രമേ ദൈവത്തിൻെറ ഇഷ്ടം പൂർണ്ണമായി നിറവേറുകയുള്ളു എന്നും അത്രേ.

www.malankaralibrary.com

പിള്ള—വാസ്തവം പറഞ്ഞാൽ മഹമ്മദീയരും ക്രിസ്ത്യാനികളും മതകാൎയ്യങ്ങളിൽ മൎക്കടമുഷ്ടി പിടിക്കുന്നവരാണു്. ഞാൻ പിടിച്ച മുയലിനു കൊമ്പു രണ്ടുണ്ടെന്നു് വാദിക്കുന്നതു് ശരിയല്ലല്ലോ. എന്നാൽ ഹിന്തുക്കളായ ഞങ്ങൾ ഈ വിഷയത്തിൽ വളരെ വിശാലമനഃസ്ഥിതിയുള്ളവരാണു്. ഞങ്ങൾ ഒരു മതക്കാരെയും നിന്ദിക്കുന്നില്ല. എല്ലാ മതങ്ങളെയും സമഭാവനയോടെ വീക്ഷിക്കുന്നു. മതങ്ങളെല്ലാം ഈശ്വരൻെറ അടുക്കലേക്കു പോകാനുള്ള ഓരോ വഴിയാണു് എന്നത്രേ ഞങ്ങളുടെ വിശ്വാസം. ഒരാൾക്കു് മദ്രാസിൽ തീവണ്ടിയിലോ, വിമാനത്തിലോ, മോട്ടോർകാറിലോ, നടന്നോ പോകാം. ഇതുപോലെ ഓരോ മതവും ദൈവത്തിങ്കൽ എത്താനുള്ള ഓരോ വഴിയാണു്. ആകയാൽ ഒരാൾ ഏതു മതത്തിൽ ജനിച്ചുവോ ആ മതത്തിൽ സ്ഥിരമായി നില്ക്കയാണു വേണ്ടതു്.

തോമസ്സ്—മനുഷ്യരെല്ലാം ദൈവത്തിൻെറ മക്കളെന്നും അന്യോന്യം സഹോദരങ്ങളെന്നുമുള്ള സത്യത്തെ നാം വിസ്മരിക്കരുതു്. ഒരു മതക്കാർ മറെറാരു മതക്കാരെ വൃഥാ കുററം പറയുന്നതു ശരിയല്ല. എല്ലാ മതക്കാരോടും സ്നേഹബഹുമാനങ്ങളോടെ നാം പെരുമാറണം. മതങ്ങളിലെ സത്യമായിട്ടുള്ളതും സന്മാൎഗ്ഗികമായിട്ടുള്ളതുമായ ഉപദേശങ്ങളെയെല്ലാം നാം ആദരിക്കണം. എന്നാൽ തെററു തെററാണെന്നു പറയുന്നതിനു മടിക്കേണ്ടതില്ല.

ഒരാൾ ഒരു മതത്തിൽ ജനിച്ചതുകൊണ്ടു ആ മത[illegible]ത്യമതം ആയിരിക്കണമെന്നില്ല. എല്ലാ മതങ്ങളിലും, നിരീശ്വരന്മാരുടെ ഇടയിലും മനുഷ്യർ ജനിക്കുന്നുണ്ടു്. എല്ലാ മതങ്ങളും ഒരുപോലെ ശരിയാണെന്നും, ദൈവത്തിൽ എത്താനുള്ള ഓരോ വഴിയാണെന്നും ഉള്ള അഭിപ്രായത്തോടു് യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഞാൻ തിരുവല്ലാ കവലയിൽ നില്ക്കുന്നു എന്നു വിചാരിക്കുക. എനിക്കു തിരുവനന്തപുരത്തേക്കു പോകണം. കവലയിൽ പല വണ്ടികൾ ഞാൻ കാണുന്നു. കോട്ടയത്തിനു പോകുന്നവണ്ടി,

www.malankaralibrary.com

കോഴഞ്ചേരിക്കു പോകുന്നവണ്ടി, മല്ലപ്പള്ളിക്കു പോകുന്നവണ്ടി, ഏലപ്പാറയ്ക്കു പോകുന്നവണ്ടി, ഇങ്ങനെ പല വണ്ടികൾ ഞാൻ കവലയിൽ കാണുന്നു. ഈ വണ്ടികളിൽ ഏതെങ്കിലും ഒന്നിൽ ഞാൻ കയറിയാൽ തിരുവനന്തപുരത്തു് എത്തുമോ? ഈ പല വണ്ടികളിൽ തിരുവനന്തപുരത്തിനുള്ള വണ്ടി ഏതെന്നു നോക്കി അതിൽ കയറിയെങ്കിൽ മാത്രമേ ഞാൻ തിരുവനന്തപുരത്തു് എത്തുകയുള്ളു. ഇതുപോലെ ദൈവത്തിൽ ഞാൻ എത്തണമെങ്കിൽ ഏതു മതത്തിലൂടെ പോയാലുംമതി എന്നു പറയുന്നതു് ശരിയല്ല. മതങ്ങൾ പലതുണ്ടാകാം. എന്നാൽ വാസ്തവത്തിൽ ദൈവത്തിൽ എത്താൻ ആ മതം മതിയോ എന്നുകൂടി നാം പരിശോധിച്ചു നോക്കണം. എന്തുകൊണ്ടെന്നാൽ തെററിപ്പോകാവുന്ന മനുഷ്യർ സ്ഥാപിച്ച മതങ്ങൾക്കു സാരമായ പല തെററുകളും ഉണ്ടാകുക സ്വാഭാവികമല്ലേ? ദൈവം സ്ഥാപിച്ച മതമുണ്ടെങ്കിൽ അതിനു തെററുവരുകയില്ലെന്നു വിശ്വസിക്കാം. എല്ലാ മതങ്ങളും ദൈവസ്ഥാപിതമാണോ എന്നറിയേണ്ടിയിരിക്കുന്നു.

“ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു, ഞാൻ കൃഷ്ണനിൽ വിശ്വസിക്കുന്നു, ഞാൻ മഹമ്മദിൽ വിശ്വസിക്കുന്നു” എന്നിങ്ങനെ മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. ഇതൊരു ഭംഗിവാക്കെന്നല്ലാതെ വാസ്തവത്തിൽ ഗാന്ധിജി ഒരു ഉറച്ച ഹിന്ദുവായിട്ടാണു് ജീവിച്ചതും മരിച്ചതും. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾ മാമോദീസാ എന്ന കർമ്മം സ്വീകരിച്ചെങ്കിലേ യഥാർത്ഥ ക്രിസ്ത്യാനിയാകയുള്ളു എന്നത്രേ ക്രിസ്തുമതം ഉപദേശിക്കുന്നതു്. യഥാർത്ഥ മഹമ്മദീയനാകണമെങ്കിൽ പരിഛേദനം എന്ന മതകർമ്മം സ്വീകരിക്കണമെന്നു മഹമ്മദുമതം ഉപദേശിക്കുന്നു. മഹാത്മാഗാന്ധിക്കു മാമോദീസായോ പരിഛേദനമോ സ്വീകരിക്കാൻ മനസ്സുണ്ടായിരുന്നില്ല. ആകയാൽ അദ്ദേഹം ക്രിസ്തുവിൽ വിശ്വസിക്കുന്നു, മഹമ്മദിൽ വിശ്വസിക്കുന്നുവെന്നു പറഞ്ഞതു് ബാഹ്യമോടിക്കു പറഞ്ഞു എന്നല്ലാതെ ഹൃദയപരമാർത്ഥതയിൽ നിന്നു ആയിരിക്കുമോ? ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടു

www.malankaralibrary.com

ന്നതിനു മുമ്പു ഒരു യൂറോപ്യൻ മിഷ്യനറി മഹാത്മാഗാന്ധി യോട്ടു് ‚‚ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയാൽ യൂറോപ്യൻ മിഷ്യനറിമാരെ ഇൻഡ്യയിൽ താമസിക്കുവാൻ അനുവദിക്കുമോ?'' എന്നു ചോദിച്ചപ്പോൾ ഗാന്ധിജി മറുപടി പറഞ്ഞതു് ഇങ്ങനെയാണു്:—‚‚യൂറോപ്യൻ മിഷ്യനറിമാർ വിദ്യാദാനം, വൈദ്യസഹായം, ജീവകാരുണ്യപരമായ പ്രവൃത്തികൾ മുതലായവ ചെയ്യുന്നതിനുവേണ്ടി ഇൻഡ്യയിൽ താമസിക്കുവാൻ ഞാൻ അനുവദിക്കും. എന്നാൽ ക്രിസ്തുമതപ്രചരണത്തിനായി ഇൻഡ്യയിൽ താമസിക്കുവാൻ അവരെ ഞാൻ അനുവദിക്കയില്ല. കാരണം, ഇൻഡ്യയ്ക്കു ഇൻഡ്യയിലെ മതം (ഹിന്ദുമതം) തന്നെ മതി''. എല്ലാമതങ്ങളും ദൈവത്തിൻപക്കലേക്കു പോകാനുള്ള ഓരോ വഴിയാണെന്നും, എല്ലാ മതങ്ങളെയും ഹിന്ദുക്കൾ സമഭാവനയോടുകൂടിയാണു് വീക്ഷിക്കുന്നതെന്നും പറയുന്നതു് ആത്മാർത്ഥമായിട്ടാണെങ്കിൽ ക്രിസ്തുമതത്തെയും ഇൻഡ്യയിൽ പ്രചരിപ്പിക്കുന്നതിനു മിഷനറിമാർക്കു സ്വാതന്ത്ര്യം കൊടുക്കുന്നതിൽ മഹാത്മാഗാന്ധിയും മററു ചില ഹൈന്ദവനേതാക്കന്മാരും വൈമനസ്യം കാണിക്കുന്നതു് എന്തു്?

പിള്ള—ദൈവം ഉണ്ടു്, മനുഷ്യനു് ആത്മാവുണ്ടു്, സ്വർഗ്ഗമുണ്ടു്, നരകമുണ്ടു് എന്നിങ്ങനെ എല്ലാ മതങ്ങളും വിശ്വസിച്ചുവരുന്നു. ഇങ്ങനെ മതങ്ങളുടെ പ്രധാനപ്പെട്ട വിശ്വാസവിഷയങ്ങളെല്ലാം ഒന്നാണു്. അതുകൊണ്ടു് ഏതുമതത്തിലായാലും ഈ സത്യങ്ങളിൽ വിശ്വസിച്ചു് നല്ല ഒരു ജീവിതം നയിക്കുന്നവരെ കാരുണ്യമൂർത്തിയായ ഈശ്വരൻ തള്ളിക്കളയുകയില്ല എന്നാണു് എൻെറ അഭിപ്രായം.

രാജ മൊഹാൻ റോയി എന്ന ഹൈന്ദവ നേതാവിനോടു അദ്ദേഹത്തിൻെറ ഭാര്യ ‚‚ലോകത്തിൽ പല മതങ്ങളുണ്ടല്ലോ. അവയിൽ ഏതിലാണു ഞാൻ വിശ്വസിക്കേണ്ടതു്?'' എന്നു് ഒരിക്കൽ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമാണു്:—'കറുത്ത പശുവും വെളുത്തപശുവും, ചുവന്നപശുവുമുണ്ടു്. എന്നാൽ എല്ലാ പശുക്കളുടെ

www.malankaralibrary.com

യും പാൽ ഒരുപോലെ വെളുത്തതാണു്. ഇതുപോലെ മതങ്ങൾ പലതുണ്ടെങ്കിലും എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണു്." മഹാത്മാഗാന്ധിക്കു തന്നെയും ഈ അഭിപ്രായമുള്ളതായി "ക്രിസ്ത്യൻ മിഷ്യൻസ്" (Christian Missions) എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഞാൻ വായിച്ചതായി ഓക്കുന്നു. ഈ അഭിപ്രായം ശരിയല്ലേ?

മൊയ്തീൻകുഞ്ഞു്—നാരായണപിള്ളേ! എല്ലാ മതങ്ങളുടെയും പ്രധാനപ്പെട്ട വിശ്വാസസത്യങ്ങളെല്ലാം ഒന്നാണെന്നു പറയുന്നതു ശരിയല്ല. മഹമ്മദീയരായ ഞങ്ങളും ക്രിസ്ത്യാനികളും ഒരു ദൈവമേ ഉള്ളുവെന്നു വിശ്വസിക്കുന്ന കൂട്ടരാണു്. എന്നാൽ ഹിന്തുക്കളായ നിങ്ങൾ പല ദേവന്മാരുണ്ടു്—ഏകദേശം മുപ്പത്തിമുക്കോടി ദേവന്മാരുണ്ടു്—എന്നു വിശ്വസിക്കുന്നു. ഇതു രണ്ടുംകൂടി എങ്ങനെ ശരിയാകും? ഒരു ദൈവമേ ഉള്ളുവെങ്കിൽ മുപ്പത്തിമുക്കോടി ദേവന്മാരുണ്ടു് എന്നു പറയുന്നതു് ശരിയാണോ? വാസ്തവത്തിൽ മുപ്പത്തിമുക്കോടി ദേവന്മാരുണ്ടെങ്കിൽ ഒരു ദൈവമേ ഉള്ളുവെന്ന അഭിപ്രായവും ശരിയായിരിക്കുവാൻ നിവൃത്തിയില്ലല്ലോ. ദൈവമില്ലെന്നുള്ള തത്വവും ചില ഹൈന്ദവചിന്തകന്മാർ സ്വീകരിച്ചിട്ടുണ്ടു്. ദൈവമുണ്ടെന്നും അതേസമയംതന്നെ ഇല്ലെന്നും വരുമോ? ആകയാൽ എല്ലാ മതങ്ങളുടെയും പ്രധാനപ്പെട്ട തത്വങ്ങൾ ഒന്നാണെന്നുള്ള അഭിപ്രായം ശരിയല്ല.

കറുത്ത പശുവിന്റെയും വെളുത്ത പശുവിന്റെയും ചുവന്ന പശുവിന്റെയും പാൽ വെളുത്തതാണെങ്കിലും കറുത്ത പശുവിന്റെ പാൽ കൂടുതൽ ആരോഗ്യപ്രദമാണെന്നത്രേ വൈദ്യന്മാർ പറയുന്നതു്. രോഗം ബാധിച്ച പശുക്കളുടെ പാൽ വെളുത്തതാണെങ്കിലും അത്രയ്ക്ക ആരോഗ്യപ്രദമായിരിക്കയില്ലല്ലോ. പേപ്പട്ടികടിച്ച പശുവിന്റെ പാൽ വെളുത്തതാണെങ്കിലും അതു കുടിക്കുന്നതു മരണകരമാണു്. ചില പശുക്കളുടെ പാൽ കൂടുതൽ കൊഴുത്തതാണു്. ചിലതിന്റേതു അങ്ങനെയല്ല. ആകയാൽ എല്ലാ പശുക്കളുടെ

www.malankaralibrary.com

യും പാൽ ഒരുപോലെ നല്ലതാണെന്നുള്ള അഭിപ്രായം ശരിയല്ല. പശുവിൻെറ പാലുപോലെ പട്ടി, പൂച്ച, ആന, കഴുത ആദിയായ മൃഗങ്ങളുടെ പാലും വെളുത്തതാണ്. ഇവയുടെ പാൽ മനുഷ്യർ കുടിക്കയില്ലല്ലോ. ഇതുപോലെ മതങ്ങളിലെല്ലാം ചില നല്ല അംശങ്ങളും ഉൽകൃഷ്ടമായ ഉപദേശങ്ങളുമുണ്ടെങ്കിലും സന്മാർഗ്ഗവിരുദ്ധമായ ചില ഉപദേശങ്ങളും ചില മതങ്ങളിലുണ്ട്. ആകയാൽ എല്ലാമതങ്ങളും ഒരുപോലെ നല്ലതാണെന്നുള്ള അഭിപ്രായം ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

തോമസ്സ്—മൊയ്തീൻകുഞ്ഞ് പറഞ്ഞതു ശരിയാണ്. ഈശ്വരനെ സംബന്ധിച്ച ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഉപദേശങ്ങൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. ചില ഹൈന്ദവ മതചിന്തകന്മാർ അദ്വൈതസിദ്ധാന്തം ഉപദേശിക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഈശ്വരനും പ്രപഞ്ചവും രണ്ടല്ല, ഒന്നുതന്നെയാണ്. വിവിധ സൃഷ്ടികളോടു കൂടിയ ഈ പ്രപഞ്ചം തന്നെയാണ് ഈശ്വരൻ. മഹാസമുദ്രത്തിൽ പല ആകൃതികളോടും വലിപ്പത്തോടുംകൂടി ധാരാളം തിരമാലകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എങ്കിലും സമുദ്രജലത്തിൽ നിന്ന് ഈ തിരമാലകളെ വേർതിരിക്കാൻ നിവൃത്തിയില്ലല്ലോ. ഒരു കുശവൻ കലം, ചട്ടി, കുടം എന്നിങ്ങനെ പല പാത്രങ്ങൾ ഉണ്ടാക്കുന്നു. എങ്കിലും അവയെല്ലാം ഒരേമണ്ണിൻെറ വിവിധരൂപങ്ങൾ തന്നെയാണ്. ഇതുപോലെ പ്രപഞ്ചത്തിൽ നാം കാണുന്ന മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, ഇഴജന്തുക്കൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായവ ഈശ്വരൻ എന്ന ശക്തിവിശേഷത്തിൻെറ ഓരോ ബാഹ്യപ്രകടനമാണ്. ഓരോ സൃഷ്ടിയും ഈശ്വരാംശമാണ്. അധികം ജ്ഞാനമില്ലാത്തവക്കാണ് ഇവയെല്ലാം വിഭിന്നമായി തോന്നുന്നതു്. ശരിയായ ജ്ഞാനം ലഭിച്ചവക്കു സൃഷ്ടികളെല്ലാം ഒന്നായി—ഈശ്വരനായി അഥവാ ഈശ്വരാംശമായി—തോന്നും. "ബ്രഹ്മാസ്മി, തത്ത്വമസി" (ഞാൻ ബ്രഹ്മാവാകുന്നു, അതു തന്നെയാണ് നീയും). ഞാൻ, നീ,

www.malankaralibrary.com

അവൻ എന്നിങ്ങനെ വ്യത്യാസമില്ല. സകലതും ഒന്നുതന്നെ; ഈശ്വരൻ തന്നെ. ഇതാണു് അദ്വൈത സിദ്ധാന്തം.

എന്നാൽ ക്രിസ്ത്യാനികൾ ഈശ്വരനെയും സൃഷ്ടികളെയും ഒന്നായിട്ടല്ല, വിഭിന്നമായി കരുതുന്നു. ഈശ്വരന്റെ ശക്തിവൈഭവത്താലാണു് ഈ പ്രപഞ്ചവും അതിലെ വിവിധ സൃഷ്ടികളും ഉണ്ടായതു്. എന്നാൽ ഈ പ്രപഞ്ചവും അതിലെ സൃഷ്ടികളും ഈശ്വരനല്ല. ചിത്രകാരനിൽനിന്നു് അവൻ വരച്ച ചിത്രവും, കുശവനിൽനിന്നു് അവൻ ഉണ്ടാക്കിയ കലവും, കൊല്ലനിൽനിന്നു് അവൻ പണുതതുമ്പായും എത്ര വിഭിന്നമായിരിക്കുന്നുവോ അതുപോലെ സൃഷ്ടികർത്താവായ ഈശ്വരനും, അവിടുന്നു സൃഷ്ടിച്ച വിവിധസൃഷ്ടികളും വിഭിന്നമായിരിക്കുന്നു എന്നത്രേ ക്രിസ്തുമതസിദ്ധാന്തം. ചിത്രത്തിൽ ചിത്രകാരന്റെ കരകൗശലവും സാമർത്ഥ്യവും കാണുന്നതുപോലെ സൃഷ്ടികളിൽ ഈശ്വരന്റെ മാഹാത്മ്യവും ബുദ്ധിവൈഭവവും നമുക്കു ദർശിക്കാമെന്നല്ലാതെ അവ ഈശ്വരനല്ല, അവയിൽ ഈശ്വരാംശവുമില്ല. "അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കല്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു" (സങ്കീർത്തനം, 33. 9). "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ടു് അവന്റെ കൈവേലയെ കാണിക്കുന്നു" (സങ്കീ. 19. 1) എന്നത്രേ ക്രിസ്ത്യാനികൾ പറയുന്നതു്.

ഈശ്വരനെയും സൃഷ്ടികളെയും സംബന്ധിച്ചു മാത്രമല്ല സ്വർഗ്ഗം, നരകം എന്നീ വിഷയങ്ങളിലും എല്ലാ മതങ്ങളുടെയും ഉപദേശം ഒരുപോലെ അല്ല. ഹിന്തുക്കളുടെ അഭിപ്രായപ്രകാരം നരകം എന്നു പറയുന്നതു് പുനർജ്ജന്മത്തിലുണ്ടാകുന്ന പീഡകളാണു്. ഇപ്പോൾ ലോകത്തിലുള്ള മനുഷ്യർ മുൻപു് പയ്യു് (പശു), ഈച്ച, പൂച്ച, പുലി, വണ്ടു്, എലി, ഞണ്ടു്, പച്ചപ്പശു എന്നിങ്ങനെ പല ജീവികളായി ജനിച്ചിട്ടുള്ളവരാണെന്നും, ഇങ്ങനെ പല ജന്മങ്ങൾ കഴിഞ്ഞു് ഇപ്പോൾ മനുഷ്യരായിത്തീർന്നിട്ടുള്ളവർ തിന്മകൾ പ്രവർത്തിച്ചു് ജീവിച്ചാൽ ഇനിയും ഞണ്ടോ, പാമ്പോ ആ

www.malankaralibrary.com

യിട്ടു് ലോകത്തിൽ ജനിച്ചു് പീഡകൾ അനുഭവിക്കേണ്ടി വരുമെന്നും ആണു് ഹിന്തുക്കൾ വിശ്വസിച്ചുവരുന്നതു്. ഈ ആശയങ്ങൾ അടങ്ങിയ ഒരു ശ്ലോകം കേൾക്കുക:—

"പെണ്ണീച്ച, പൂച്ച, പുലി വണ്ടെലി ഞണ്ടു പച്ച—
പ്പുല്ലെന്നു തൊട്ടു പലമാതിരിയായ ജന്മം
പല്ലെക്കഴിഞ്ഞു, പുനരിപ്പുരുഷാകൃതിത്വം
കല്ലിൽക്കിടഞ്ഞു, കളഞ്ഞുകളിച്ചിടൊല്ലാ."

ഈ ശ്ലോകത്തിലെ ആശയപ്രകാരം ഈ മൈതാനത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന ആ കുട്ടികൾ നന്നായി ജീവിച്ചില്ലെങ്കിൽ മാക്രിയായിട്ടോ, കുരങ്ങായിട്ടോ, ഞണ്ടായിട്ടോ, പാമ്പായിട്ടോ ഇനിയും ജനിക്കും. ഇവിടെ വണ്ടികാത്തു നിൽക്കുന്ന ഈ ആണുങ്ങൾ ചിലപ്പോൾ ഇനിയത്തെ ജന്മത്തിൽ പെണ്ണുങ്ങളായേക്കും. ഇപ്പോൾ അവിടെ ഇരിക്കുന്ന ആ പെണ്ണുങ്ങൾ ഇനിയത്തെ ജന്മത്തിൽ ആണുങ്ങളാകാനും ഇടയുണ്ടു്. കള്ളു ധാരാളം കുടിച്ചു ഭാര്യമാരെ അടിക്കയും ഇടിക്കയും തൊഴിക്കയും ചെയ്യുന്ന ഭർത്താക്കന്മാർ സൂക്ഷിച്ചുകൊള്ളണം. ഇനിയത്തെ ജന്മത്തിൽ അവർ പെണ്ണുങ്ങളാകും. ഇപ്പോൾ ഇടികൊള്ളുന്ന സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുമാകും. ഇങ്ങനെ ഇപ്പോൾ കൊള്ളുന്ന അടിക്കും ഇടിക്കും എല്ലാം അവർ നല്ലപോലെ പകരം വീട്ടും.

പിള്ള—ഹിന്തുക്കളായ ഞങ്ങൾ പുനർജ്ജന്മത്തിൽ വിശ്വസിക്കുന്നതു് ആക്ഷേപകരമാണെങ്കിൽ ക്രിസ്ത്യാനികളായ നിങ്ങൾ മരിച്ചവരുടെ ഉയിർപ്പിൽ വിശ്വസിക്കുന്നതും ആക്ഷേപകരമല്ലേ? മരിച്ചു മണ്ണോടുമണ്ണു ചേർന്നവർ എങ്ങനെ ഉയിക്കും? എല്ലാവരെയും ശവക്കോട്ടയിലല്ലല്ലോ അടക്കുന്നതു്. ചിലരെ വല്ല മാവിന്റെയോ പ്ലാവിന്റെയോ അടുത്തു് അടക്കി എന്നും വരാം. അവരുടെ മാംസവും അസ്ഥിയും ദ്രവിച്ചു് പ്ലാവിനും മാവിനും വളമായിത്തീരും. ഒടുവിൽ ആ ചക്കയും മാങ്ങായും തിന്നുന്ന പല മൃഗങ്ങളുടെയും പക്ഷികളുടെയും മററും ശരീരത്തിൽ മനുഷ്യരുടെ

www.malankaralibrary.com

ശരീരങ്ങളും അസ്ഥികളും ലയിക്കയില്ലേ? കപ്പൽനാശത്തിൽപ്പെട്ടു കടലിൽ മരിക്കുന്നവരുടെ ശവശരീരങ്ങൾ കടലിലെ പല മത്സ്യങ്ങളും ജന്തുക്കളും തിന്നുന്നു. പിന്നെ എങ്ങനെയാണു് ഇവരെല്ലാം അതേ ശരീരത്തോടുകൂടി ഉയിക്കുന്നതു്?

തോമസ്സു്—ഹിന്തുക്കളെ ആക്ഷേപിക്കാനല്ല ഞാൻ പുനർജ്ജന്മത്തെപ്പററി പറഞ്ഞതു്. പല മതങ്ങളും പഠിപ്പിക്കുന്ന തത്വങ്ങൾ താരതമ്യം ചെയ്താൽ പരസ്പരവിരുദ്ധത കാണുമെന്നും, ആകയാൽ അവയെല്ലാം ശരിയായിരിപ്പാൻ നിവൃത്തിയില്ലെന്നും കാണിക്കുവാൻ ഞാൻ ഒരു ഉദാഹരണം പറഞ്ഞു എന്നേയുള്ളു. "ഉണ്ടാകട്ടെ" എന്ന വാക്കാൽ ലോകത്തിൽ കാണുന്ന സൂര്യൻ, ചന്ദ്രൻ, പക്ഷിമൃഗാദികൾ എന്നിവയെ സൃഷ്ടിച്ച ദൈവത്തിനു് മണ്ണോടു മണ്ണായും വളമായും മററും തീർന്ന അതേ മനുഷ്യശരീരങ്ങളെ ഉയിർപ്പിക്കുവാനും ശക്തിയുണ്ടെന്നു തീർച്ചയാണു്.

പിള്ള—ഹിന്തുക്കളും, മഹമ്മദീയരും, ക്രിസ്ത്യാനികളും തമ്മിൽ ഇനി വല്ല പ്രധാന വിഷയങ്ങളിലും വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ അതുകൂടി കേട്ടാൽ കൊള്ളാം.

തോമസ്സു്—അനേകകാര്യങ്ങളിൽ വ്യത്യാസമുണ്ടു്. ഹിന്തുക്കൾ തലയിലെഴുത്തിൽ വിശ്വസിക്കുന്നു. ഈ വിഷയത്തെപ്പററി കുഞ്ചൻനമ്പ്യാർ എന്ന മഹാകവി ഇപ്രകാരം പറയുന്നു:—

"ഈശ്വരകല്പിതം ലംഘ്യമല്ലെന്നതു
വിശ്വസിച്ചീടണമെല്ലാജനങ്ങളും
ഇന്നനാളീവണ്ണമൊക്കെ ഭവിക്കണ-
മെന്നുണ്ടു ദൈവം തലയിൽ വരച്ചിട്ടു്
അന്നതു വന്നു ഭവിച്ചിടും മാററുവാൻ
പന്നഗശായിക്കു പോലുമെളുതല്ല".

www.malankaralibrary.com

ഹിന്ദുക്കൾ വിശ്വസിക്കുന്നതു് മനുഷ്യക്കു് ഉണ്ടാകുന്നതെല്ലാം സംഭവിക്കണമെന്നു് ഈശ്വരൻ മുമ്പുകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്നാണു്. മനുഷ്യർ അനുഭവിക്കുന്ന തിന്മകൾ മുൻജന്മത്തിൽ ചെയ്ത പാപങ്ങളുടെ ഫലമായിട്ടാണെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നു. ക്രിസ്ത്യാനികൾ ഇവയൊന്നും വിശ്വസിക്കുന്നില്ല. പഴയനിയമത്തിൽ അറിയപ്പെടുന്ന ജോബു് കുഷ്ഠരോഗം പിടിപെട്ടു് കഷ്ടപ്പെട്ടതു് പാപം നിമിത്തമല്ല. യേശുക്രിസ്തുവും അപ്പൊസ്തോലന്മാരും അനേകം രക്തസാക്ഷികളും കഠിനപീഡകൾ സഹിച്ചു മരിക്കേണ്ടിവന്നതു് പാപം നിമിത്തമല്ല. ആകയാൽ ദുഃഖങ്ങളും ദുരിതങ്ങളും മഹാപുണ്യവാന്മാക്കും ഉണ്ടാകും. അവ എപ്പോഴും പാപത്തിന്റെ ശിക്ഷയല്ല. പുണ്യവാന്മാർ പുണ്യത്തിൽ വളരുന്നതിനും, ഈശ്വരവിശ്വാസത്തിൽ ഉറച്ചു് അനുഗ്രഹങ്ങൾ ധാരാളം പ്രാപിക്കുന്നതിനുംവേണ്ടി അവക്കു ദൈവം പീഡകളും ദുരിതങ്ങളും നൽകാറുണ്ടെന്നത്രേ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു്.

ഹിന്ദുക്കൾ വിശ്വസിക്കുന്നതു് തീപ്പൊരി കത്തിക്കാളുന്ന തീയിലും, നദിയിലെ വെള്ളം സമുദ്രത്തിലും ലയിക്കുന്നതു് എങ്ങനെയോ അങ്ങനെ മനുഷ്യാത്മാക്കൾ ഒടുവിൽ ഈശ്വരനിൽ ലയിക്കുമെന്നാണു്. ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു് മനുഷ്യാത്മാവു് ദൈവത്തിൽ ലയിക്കയില്ലെന്നും, ഓരോ ആത്മാവിനും പരലോകത്തിൽ പ്രത്യേക ജീവിതം ഉണ്ടെന്നുമാണു്. മഹമ്മദീയർ വിശ്വസിക്കുന്നതു് സ്വർഗ്ഗത്തിലെ ഭാഗ്യം ഈ ലോകത്തിലെ ജഡികസുഖങ്ങളോടു വളരെ സാമ്യമുള്ളതാണെന്നത്രേ. ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു് സ്വർഗ്ഗത്തിലെ ഏററവും വലിയ ഭാഗ്യം ജഡികമല്ല, ആദ്ധ്യാത്മികം, അതായതു് ദൈവത്തെ അഭിമുഖമായി ദർശിക്കുക എന്നതാകുന്നു. "ദൈവരാജ്യം ഭക്ഷണവും പാനവുമല്ല, പിന്നെയോ, നീതിയും, സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണല്ലോ" (റോമ്മാ. 14, 17). "ഇപ്പോഴാകട്ടെ കണ്ണാടിയിൽക്കൂടി എന്നപോലെ ഉപമയിൽ നാം കാണുന്നു. അപ്പൊഴോ അഭിമുഖമായി നാം കാണും" (1കൊറി. 13, 12).

www.malankaralibrary.com

മതങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തിയാൽ മൌലികങ്ങളായ സാന്മാർഗ്ഗിക നിയമങ്ങളിലും വളരെ വ്യത്യാസമുണ്ടെന്നു ബോദ്ധ്യമാകും. പുരാതന കാലങ്ങളിൽ ചില മതക്കാരുടെ ഇടയിൽ നരബലി നടന്നിരുന്നു. ഇതു ഭയങ്കര പാപമായി ഇക്കാലത്തു് എല്ലാവരും പരിഗണിക്കുന്നു. പണ്ടു് ഹിന്തുക്കളുടെ ഇടയിൽ സതി എന്ന കർമ്മം, അതായതു് മരിച്ച ഭർത്താവിന്റെ ശവശരീരം ദഹിപ്പിക്കുന്ന ചിതയിൽ അദ്ദേഹത്തിന്റെ ഭാര്യ ജീവനോടെ ചാടി മരിക്കണമെന്ന നിയമമുണ്ടായിരുന്നു. ഇംഗ്ലീഷുകാരുടെ ഭരണത്തോടുകൂടിയാണു് ഈ നടപടി ഇല്ലാതായതു്. മഹമ്മദീയക്കും ഹിന്തുക്കൾക്കും ബഹുഭാര്യാത്വം അനുവദനീയമാണു്. ഒരു സ്ത്രീക്കു പല ഭർത്താക്കന്മാരെയും ഹിന്തുമതം അനുവദിക്കുന്നുണ്ടു്. പാഞ്ചാലി എന്ന ഏകസ്ത്രീ പാണ്ഡവന്മാർ അഞ്ചുപേരുടെയും ഭാര്യയായിരുന്നു. ക്രിസ്തുമതം ബഹുഭാര്യാത്വത്തെയോ, ബഹു ഭർത്തൃത്വത്തെയോ അനുവദിക്കുന്നില്ല. ബഹുഭർത്തൃത്വം പ്രകൃതിവിരുദ്ധമായ മഹാപാപമാണെന്നത്രേ ക്രിസ്തുമതം പഠിപ്പിക്കുന്നതു്. ഇതുപോലെ ഭ്രൂണഹത്യ, കൃത്രിമമായ ജനനനിയന്ത്രണം, വിവാഹമോചനം മുതലായവയും ഭയങ്കര പാപങ്ങളാണെന്നു ക്രിസ്തുമതം പഠിപ്പിക്കുന്നു. ഇക്കാര്യങ്ങളിൽ മററു മതങ്ങൾക്കു് ഈ അഭിപ്രായമല്ല ഉള്ളതെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടല്ലോ.

മൊയ്തീൻ—പാപമോചനം ലഭിച്ചു സ്വർഗ്ഗത്തിൽ പോകാൻ അനുഷ്ഠിക്കേണ്ട കർമ്മങ്ങളിലും എല്ലാ മതക്കാർക്കും ഒരേ അഭിപ്രായമല്ലല്ലോ ഉള്ളതു്. മഹമ്മദീയരായ ഞങ്ങൾ പരിഛേദനകർമ്മത്തിൽ വിശ്വസിക്കുന്നു. ക്രിസ്ത്യാനികൾ പറയുന്നു, മാമ്മോദീസാ മുങ്ങിയാലെ നിത്യരക്ഷ ലഭിക്കയുള്ളു എന്നു്. പാപമോചനം ലഭിപ്പാൻ പട്ടക്കാരന്റെ അടുക്കൽ പാപങ്ങൾ ഏററുപറയണമെന്നും ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. മഹമ്മദീയർ ബലിക്കു് എന്തെങ്കിലും ഫലമുള്ളതായി വിശ്വസിക്കുന്നില്ല. പല ക്രൈസ്തവ സഭകൾക്കും കർബാന എന്ന ബലിയുണ്ടല്ലോ. ഹിന്തുക്കൾക്കും ബലിയും കുരുതിയുമെല്ലാം ഉണ്ടു്.

www.malankaralibrary.com

തോമസ്—മൊയ്തീൻകുഞ്ഞ് പറഞ്ഞതെല്ലാം ശരിയാണ്. ഇതുവരെ നാം സംസാരിച്ചതിൽനിന്ന് ഒരു കാൎയ്യം സ്പഷ്ടമാണ്. ഈ മതങ്ങൾ പഠിപ്പിക്കുന്നതെല്ലാം ശരിയാകാൻ നിവൃത്തിയില്ല. ഇവയിൽ ഏതാനും ചിലതു ശരിയായിരിക്കാം; അപ്പോൾ ചിലത് അവശ്യം തെററാണെന്നു സമ്മതിക്കാതെ തരമില്ല. അതായത് ഒരു ദൈവമേ ഉള്ളൂ, അല്ല അനേകം ദൈവങ്ങൾ അഥവാ ദേവന്മാരുണ്ട്; മനുഷ്യൎക്ക് പുനൎജ്ജന്മമുണ്ട്, പുനൎജ്ജന്മമില്ല; മനുഷ്യൎക്ക് ഉയിൎപ്പുണ്ട്. ഉയിൎപ്പില്ല; ആത്മാവു് ഈശ്വരനിൽ ലയിക്കും, അങ്ങനെ ലയിക്കയില്ല; സതി പാപമാണ്, പാപമല്ല; ബഹുഭൎത്തൃത്വം, ഭ്രൂണഹത്യ, കൃത്രിമജനനനിയന്ത്രണം മുതലായവ പാപമാണ്, പാപമല്ല; വിവാഹമോചനം അനുവദനീയമാണ്, അനുവദനീയമല്ല; പാപം നീങ്ങാൻ പരിഛേദനം ആവശ്യമാണ്, പരിഛേദനം ആവശ്യമില്ല; ദൈവാനുഗ്രഹം കൂടുതൽ ലഭിക്കുവാൻ ബലി വേണം, ബലി വേണ്ടാ. ഇവയെല്ലാം എങ്ങനെ ശരിയാകും? സത്യസ്വരൂപിയായ ദൈവം ഇങ്ങനെ നേരെ വിപരീതമായ തത്വങ്ങൾ പഠിപ്പിക്കുമോ? പരസ്പര വിരുദ്ധമായ സാന്മാൎഗ്ഗികനിയമങ്ങൾ സകല നന്മസ്വരൂപിയായ ദൈവത്തിനു ഒന്നുപോലെ പ്രീതികരമോ? തീൎച്ചയായും ഇവയെല്ലാം ദൈവത്തിൽനിന്ന് വന്ന അഭിപ്രായങ്ങളാകുവാൻ നിവൃത്തിയില്ല. ആകയാൽ മനുഷ്യരുടെ അഭിപ്രായങ്ങളും ഊഹങ്ങളും നിയമങ്ങളുമായിരിക്കും ഇവയിൽ പലതും.

പിള്ള—മഹാത്മാഗാന്ധിയെപ്പോലെ അഖിലലോകപ്രസിദ്ധനായ ഒരാൾ പറയുന്ന അഭിപ്രായം തെററാണെന്നു ഇത്ര ഖണ്ഡിതമായി തോമസ്സ് പറയുന്നതിൽ ഞാൻ വിസ്മയിക്കുന്നു.

തോമസ്സ്—രാഷ്ട്രീയ കാൎയ്യങ്ങളിൽ മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ മിക്കതും സ്വീകാൎയ്യമായിരിക്കാം. എന്നാൽ രാഷ്ട്രീയകാൎയ്യങ്ങളെപ്പോലെ മതകാൎയ്യങ്ങ

www.malankaralibrary.com

ളെ മഹാത്മാഗാന്ധി വിചിന്തനം ചെയ്തു വേണ്ടതുപോലെ
പഠിച്ചിട്ടുണ്ടെന്നു പറയുക ശരിയല്ല. ഒരു വൈദ്യനു വൈ
ദ്യസംബന്ധമായ കാൎയ്യങ്ങളിലും, ഒരു അഭിഭാഷകനു നി
യമസംബന്ധമായ കാൎയ്യങ്ങളിലും, ഒരു കച്ചവടക്കാരനു
കച്ചവടസംബന്ധമായ കാൎയ്യങ്ങളിലും, ഒരു കൃഷിക്കാരനു
കൃഷിവിഷയങ്ങളിലുമായിരിക്കും കൂടുതൽ ജ്ഞാനവും പരി
ചയവും. പേരുകേട്ട ഒരു വൈദ്യൻ നിയമസംബന്ധമായ
കാൎയ്യങ്ങളെപ്പററിയും, ഒരു സമൎത്ഥനായ അഭിഭാഷകൻ
വൈദ്യസംബന്ധമായ കാൎയ്യങ്ങളെപ്പററിയും അഭിപ്രായം
പറഞ്ഞാൽ അതു ശോഭിച്ചെന്നു വരുകയില്ല. നമുക്കു സുഖ
ക്കേടു വരുമ്പോൾ വക്കീലിൻെറയോ, കോളേജു പ്രൊഫ
സരുടെയോ അടുക്കലേക്കല്ല നാം പോകുന്നതു്, വൈദ്യ
ൻെറ അടുക്കലേക്കാണു്. ഏതു വിഷയത്തിലാണോ പ്രത്യേ
ക പഠനം ഒരാൾ നടത്തിയിട്ടുള്ളതു ആ വിഷയമൊഴിച്ചു്
മററു വിഷയങ്ങളിൽ അയാൾ പറയുന്ന അഭിപ്രായം എ
പ്പോഴും വിദഗ്ദ്ധാഭിപ്രായമായിരിക്കയില്ല. തുമ്പാ നന്നാ
ക്കുന്ന കൊല്ലനു വാച്ചു നന്നാക്കാൻ സാധിച്ചെന്നു വരുകയി
ല്ല. കീറിയ ഉടുപ്പുകൾ നന്നാക്കുന്ന ഒരു തയ്യൽക്കാരനു ശസ്ത്ര
ക്രിയ നടത്തുവാൻ പരിചയം കാണുകയില്ല. മതകാൎയ്യ
ങ്ങളിൽ ഖണ്ഡിതമായ അഭിപ്രായം പറയേണ്ടതു് അവ
ശരിയായി പഠിച്ചിട്ടുള്ള വിദഗ്ദ്ധന്മാരായിരിക്കണം. വി
വിധ രാഷ്ട്രീയ പ്രവൎത്തനങ്ങൾക്കിടയിൽ മതകാൎയ്യങ്ങൾ
അവഗാഢമായി പഠിച്ചു വൈദഗ്ദ്ധ്യം സമ്പാദിക്കുവാൻ
മഹാത്മാഗാന്ധിക്കു സമയമോ സൗകൎയ്യമോ ഉണ്ടായിരുന്നി
ല്ല. എല്ലാ മതങ്ങളും ഒരുപോലെ ശരിയാണെന്നു പറ
ഞ്ഞാൽ മുകളിൽ വിവരിച്ചതുപോലെ പരസ്പരവിരുദ്ധ
മായ പലതും ഒരേ സമയത്തു ശരിയാണെന്നത്രേ പറയുന്ന
തു്. അതു സമ്മതിക്കുവാൻ യുക്തിയെ ശരിയായി ഉപയോ
ഗിക്കുന്ന ഒരുത്തനും സാധിക്കയില്ല. എത്ര മഹാനാണെ
ങ്കിലും എട്ടും നാലും പതിനഞ്ചാണെന്നു പറഞ്ഞാൽ അതു
ശരിയായിരിക്കയില്ലല്ലോ. പരസ്പര വിരുദ്ധമായ കാൎയ്യങ്ങൾ
ശരിയാണെന്നു മഹാത്മാഗാന്ധിയെപ്പോലെ ആയിരം മഹാ

www.malankaralibrary.com

ന്മാക്കൾ അഭിപ്രായപ്പെട്ടാലും അതു തെററല്ലാതെ ശരിയായിരിക്കുക സാദ്ധ്യമല്ല. ആകയാൽ എല്ലാമതങ്ങളും ഒരുപോലെ ശരിയാണെന്നു രാജ മൊഹൻ റോയിയോ, മഹാത്മാഗാന്ധിയോ പറഞ്ഞാലും അതു ശരിയാകയില്ല. ഇന്നു ലോകത്തിലുള്ള വിവിധ മതങ്ങളിലെ ഉപദേശങ്ങളെല്ലാം സത്യസ്വരൂപിയായ ഈശ്വരനിൽനിന്നും വന്നതാണെന്നും, ഇവയെല്ലാം ഒരുപോലെ അവിടുത്തേക്കു പ്രീതികരമാണെന്നും അഭിപ്രായപ്പെടുന്നവർ ഈശ്വരൻ പരസ്പരവിരുദ്ധതകൾ പഠിപ്പിക്കുന്നവനും, സത്യത്തിലും അസത്യത്തിലും, അധമ്മത്തിലും സന്മാർഗ്ഗത്തിലും ദുർമ്മാർഗ്ഗത്തിലും ഒരുപോലെ സംതൃപ്തനമാണെന്നു സമ്മതിക്കേണ്ടിവരും. ഇങ്ങനെയുള്ള ഒരു ഈശ്വരൻ എന്തൊരു ഈശ്വരനാണ്!

പിള്ള—തോമസ് പറയുന്നതിൽ വളരെ യുക്തിയുണ്ടെന്നു ഇപ്പോൾ എനിക്കു മനസ്സിലായി. സത്യസ്വരൂപിയായ ഈശ്വരനിൽ നിന്നാണ് ഓരോ മതത്തിലേയും ഉപദേശങ്ങളെല്ലാം വന്നതെങ്കിൽ ഇങ്ങനെ പരസ്പരവിരുദ്ധമായവിധം വരുക സാദ്ധ്യമല്ല. ആകയാൽ ഒന്നുകിൽ ഹിന്ദുക്കൾ പറയുന്ന ചിലതൊക്കെ ശരി, അല്ലെങ്കിൽ ക്രിസ്ത്യാനികൾ പറയുന്ന ചിലതൊക്കെ ശരി എന്നേ വരികയുള്ളു. എല്ലാവരും പറയുന്നതു മുഴുവൻ ശരിയാണെന്ന് സമ്മതിച്ചാൽ ഒരു കാര്യം പറഞ്ഞിട്ട് അതിനു നേരെ വിപരീതം പറഞ്ഞാലും ശരിയാണെന്ന് സമ്മതിക്കേണ്ടിവരും. അതു യുക്തിക്കു അശേഷം യോജിക്കുന്നില്ല. വെളിച്ചവും ഇരുട്ടും, ചൂട്ടും തണുപ്പും, മധുരവും കയ്പും, വൃത്തവും ചതുരവും ഒന്നാണെന്നു പറയുന്നതുപോലെ യുക്തിവിരുദ്ധമത്രേ എല്ലാ മതങ്ങളുടെയും ഉപദേശങ്ങൾ ശരിയാണെന്നു പറയുന്നതും.

മൊയ്തീൻ—ശരിയാണ്. നമ്മുടെ തോമസിന്റെ യുക്തിവാദം കേട്ടിട്ട് ഈ മതങ്ങളെല്ലാം ശരിയല്ലെന്ന് എനിക്കും തോന്നുന്നു. എന്നാൽ ഞമ്മന്റെ മഹമ്മദുമതം ഒരിക്കലും തെററല്ല.

www.malankaralibrary.com

പിള്ള—ഹിന്തുമതം തെററാണെന്നു് പറയുവാൻ ഒരു ഹിന്തുവായ എനിക്കും സാധിക്കയില്ല.

തോമസ്സ്—ക്രിസ്തുമതം തെററാണെന്നു ക്രിസ്ത്യാനിയാ യ ഞാൻ വിശ്വസിക്കുന്നില്ല.

മൊയ്തീൻ—ഇങ്ങനെ ഓരോരുത്തനും അവനവൻെറ മതമാണു് ശരിയെന്നു് പറഞ്ഞാൽ അതു സത്യമായിരിക്കു മോ? സത്യം പലതുണ്ടോ? ഏഴും എട്ടും പതിനഞ്ചല്ലാതെ പതിനേഴോ പതിനെട്ടോ ആകുമോ? അതുകൊണ്ടു പതി നഞ്ചു് എന്നു പറയുന്നതു മാത്രമാണു ശരി. ആകയാൽ ഏക സത്യമതം കണ്ടുപിടിക്കാൻ എന്താണു് മാർഗ്ഗം? ഇതു വരെ യുക്തിവാദം ചെയ്ത തോമസുതന്നെ ഇതിനും ഉ ത്തരം പറയട്ടെ.

തോമസ്സ്—ഞാൻ സത്യം നിങ്ങൾക്കു പറഞ്ഞുതരാം. നിങ്ങളുടെ മതങ്ങളെ ഞാൻ കുററപ്പെടുത്തുന്നതായി നിങ്ങൾ വിചാരിക്കരുതു്, എന്നോടു പരിഭവിക്കയുമരുതു്.

മൊയ്തീൻ—ഞമ്മനു് ഒരു പരിഭവവുമില്ല. നാം സ്നേഹിതന്മാരല്ലേ?

തോമസ്സ്—ഈ വിഷയത്തെപ്പററി കുറെമാസങ്ങൾക്കു മുൻപു് ഞാൻ തയ്യാറാക്കിയ ഒരു നോട്ടു് എൻെറ കൈവശ മുണ്ടു്. അതു ഞാൻ കോളേജിൽപോയി എടുത്തുകൊണ്ടുവ ന്നു വായിക്കാം. നിങ്ങൾ ശ്രദ്ധിച്ചു കേൾക്കണം.

[തോമസു് പോയി നോട്ടെടുത്തുകൊണ്ടുവന്നു വായി ക്കുന്നു.]

ഹിന്തുമതം, യഹൂദമതം, ബുദ്ധമതം, മഹമ്മദുമതം ആദിയായി ലോകത്തിലുള്ള എല്ലാ മതങ്ങളിലുംവെച്ചു് ക്രിസ്തുമതത്തിനു ചില പ്രത്യേകതകളുണ്ടു്. ക്രിസ്തുമതത്തി ൻെറ സ്ഥാപകനായ ക്രിസ്തു ദൈവമാണെന്നും, ക്രിസ്തുമതം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട മതമാണെന്നും അത്രേ ഈ പ്രത്യേകതകളിൽ പ്രധാനപ്പെട്ടവ.

www.malankaralibrary.com

ക്രിസ്തു ഒരു കന്യകയിൽ നിന്നു് അത്ഭുതകരമായി ജനിക്കുമെന്നും, ബേത്ലഹേമിലാണു ജനിക്കുവാനിരിക്കുന്നതെന്നും, കഴുതക്കുട്ടിമേൽ കയറി ജറുസലേം ദേവാലയത്തിൽ പ്രവേശിക്കുമെന്നും, കഠിന പീഡകൾ സഹിച്ചു കുരിശിൽ മരിക്കുമെന്നും, മരണശേഷം ഉയിർത്തെഴുന്നേൽക്കുമെന്നും ക്രിസ്തുവിൻെറ ജനനത്തിനു് അനേക ശതാബ്ദങ്ങൾക്കുമുമ്പു് ഏശായാ, മിഖേയാസു്, സഖറിയാസു്, ദാവീദു് മുതലായ ദീർഘദർശിമാർ സ്പഷ്ടമായി മുമ്പുകൂട്ടി അറിയിച്ചിരുന്നു. (ഏശ. 7, 14; മിഖേ. 5, 2; സഖറി. 9, 9; സങ്കീ. 22, 17; ഏശ. 53; സങ്കീ. 16, 10.) യാതൊരു മതസ്ഥാപകനെപ്പററിയും ഇങ്ങനെ മുമ്പുകൂട്ടിയുള്ള അത്ഭുതകരമായ അറിവു് ലോകത്തിനു ലഭിച്ചിട്ടില്ല. ഈ പ്രവചനങ്ങളെല്ലാം മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ പൂർണ്ണമായി നിറവേറിയതുകൊണ്ടു ക്രിസ്തുവിൻെറ അമാനുഷികത്വം വ്യക്തമാകുന്നു.

താനും പിതാവായ ദൈവവും ഒന്നാകുന്നുവെന്നും, പൂർവ്വപിതാവായ അബ്രഹാം ഉണ്ടാകുന്നതിനു മുമ്പേ താൻ ഉണ്ടു് എന്നും ക്രിസ്തു പരസ്യമായി പ്രഖ്യാപനം ചെയ്തു. (യോഹ. 10, 30; 8, 58). ദൈവമെന്നു ക്രിസ്തു പ്രഖ്യാപനം ചെയ്തതു നിമിത്തമാണു ദൈവദൂഷണം ആരോപിച്ചു യഹൂദന്മാർ ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊന്നതും. ദൈവമെന്നു ഉറപ്പിച്ചു പറയാതിരുന്നെങ്കിൽ ക്രിസ്തുവിനു ഇത്ര ദാരുണമായ മരണം ഉണ്ടാകയില്ലായിരുന്നു. ലോകത്തിൽ ഉണ്ടായിട്ടുള്ളവരിൽ വച്ചു ഏററവും സൽസ്വഭാവിയും സത്യസന്ധനും എളിമയുള്ളവനുമാണു ക്രിസ്തു എന്നു് ക്രിസ്തുമതത്തെ ദ്വേഷിക്കുന്നവർപോലും സമ്മതിക്കുന്നു. അങ്ങനെയുള്ള ക്രിസ്തു വാസ്തവത്തിൽ ദൈവമല്ലെങ്കിൽ താൻ ദൈവമാണെന്നു പറയുന്നതു് ഭയങ്കര പാപമാണെന്നു എല്ലാവരും സമ്മതിക്കുന്നു. ക്രിസ്തുവിനെപ്പോലെ ലോകത്തിലുള്ള എല്ലാവരുടെയും പ്രശംസയ്ക്കും അഭിനന്ദനത്തിനും വിസ്മയത്തിനും പാത്രീഭൂതനായ ഒരു മഹാത്മാവു് ഇങ്ങനെയുള്ള ഒരു ഭയങ്കര പാപം ചെയ്യുമോ? ആകയാൽ ക്രിസ്തു

www.malankaralibrary.com

ദൈവമാണെന്നു് പറഞ്ഞെങ്കിൽ അതു ശരിയാണെന്നു ലോകം സമ്മതിക്കണം. അല്ലെങ്കിൽ ക്രിസ്തുവിനെ മഹാ പാപിയും വഞ്ചകനുമായിട്ടാണു് ലോകം പരിഗണിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ സൽസ്വഭാവിയും സത്യസന്ധനും എളിമയുള്ളവനുമായ ഒരു മനുഷ്യൻ താൻ സാക്ഷാൽ ദൈവമാണെന്നു പറയുവാൻ ഒരിക്കലും ധൈര്യപ്പെടുകയില്ല. ക്രിസ്തുമാത്രം അങ്ങനെ ചെയ്തു. ആകയാൽ അവിടുന്നു പറയുന്നതു സത്യമായിരിക്കണം.

ലോകത്തിൽ മറ്റൊരു മതസ്ഥാപകനും ദൈവമാണെന്നു പറഞ്ഞിട്ടില്ല. ഹിന്തുമതത്തിനു ഒരു പ്രത്യേക സ്ഥാപകനില്ല. ക്രിസ്തുവിനു വളരെക്കാലം മുമ്പു ജീവിച്ചിരുന്ന അനേക ചിന്തകന്മാരുടെയും സാഹിത്യകാരന്മാരുടെയും അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തതാണു് ഹിന്തുമതത്തിലെ ഉപദേശസംഹിത. മഹമ്മദുമതത്തിൻെറ സ്ഥാപകനായ മഹമ്മദ് ദൈവത്തിൻെറ ഒരു പ്രവാചകനാണെന്നല്ലാതെ ദൈവമാണെന്നു പറഞ്ഞിട്ടില്ല. ബുദ്ധമതസ്ഥാപകനായ ശ്രീ ബുദ്ധൻ താൻ ദൈവമാണെന്നു സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ല. ക്രിസ്തുമാത്രമേ ദൈവമാണെന്നു പറഞ്ഞിട്ടുള്ളു. വാസ്തവത്തിൽ അവിടുന്നു ദൈവമല്ലെങ്കിൽ ഇങ്ങനെ പറയുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു.

ക്രിസ്തു ദൈവമാണെന്നു പറയുകമാത്രമല്ല, എല്ലാക്കാലത്തുമുള്ള മനുഷ്യർ തൻെറ ദൈവത്വത്തിൽ സംശയരഹിതമായി വിശ്വസിച്ചു് തൻെറ ഉപദേശങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി ധാരാളം അത്ഭുതപ്രവൃത്തികളും ചെയ്യുകയുണ്ടായി. (യോഹ. 10, 25. മത്താ. 11, 2—6). പിറവികുരുടന്മാരുടെ കണ്ണുകൾ തുറക്കുക, കുഷ്ഠരോഗികളെ സുഖപ്പെടുത്തുക, കടലിന്മേൽ നടക്കുക, അഞ്ചപ്പംകൊണ്ടു അയ്യായിരംപേരെ തീററുക, മരിച്ചവരെ ഉയിർപ്പിക്കുക, കുരിശിൽ മരിച്ചിട്ടു മൂന്നാംദിവസം സ്വശക്തിയാൽ ഉയിർക്കുക മുതലായ അത്ഭുത പ്രവൃത്തികൾ ചെയ്തുകൊണ്ടു താൻ ദൈവമാണെന്നു് ക്രിസ്തു വെളിപ്പെടുത്തി. „സുവിശേഷ

www.malankaralibrary.com

ങ്ങൾ" എന്നറിയപ്പെടുന്ന ക്രിസ്ത്യാനികളുടെ മതഗ്രന്ഥങ്ങളിൽ ഇവയെല്ലാം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രന്ഥങ്ങൾ ഏത്രയും വിശ്വാസയോഗ്യമായ ചരിത്രഗ്രന്ഥങ്ങളാണെന്നു ക്രിസ്തുമത വിദ്വേഷികളായ പണ്ഡിതന്മാർപോലും സമ്മതിച്ചിരിക്കകൊണ്ടു് ഈ സംഭവങ്ങളുടെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവൎക്കു പണ്ഡിതന്മാരുടെ ഇടയിൽ സ്ഥാനമുണ്ടായിരിക്കയില്ല. ക്രിസ്തുവല്ലാതെ മറ്റൊരു മതസ്ഥാപകനും സാക്ഷാൽ അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതായി ചരിത്രപരമായി തെളിയിക്കുവാൻ ആൎക്കും സാധിക്കുന്നതല്ല.

അന്യരുടെ ഏററം നിഗൂഢമായ ഹൃദയ വിചാരങ്ങളെപ്പോലും ക്രിസ്തു മനസ്സിലാക്കിയിരുന്നു. യൂദാസ് തന്നെ ഒററിക്കൊടുക്കുമെന്നും, പത്രോസ് മൂന്നുപ്രാവശ്യം തന്നെ നിരസിച്ചു പറയുമെന്നും, കുരിശിൽ തറയ്ക്കപ്പെട്ടു മരിക്കുമെങ്കിലും മൂന്നാംദിവസം താൻ ഉയിൎത്തെഴുന്നേല്ക്കുമെന്നും, അപ്പൊസ്തോലന്മാർ പീഡിപ്പിക്കപ്പെടുമെന്നും, താൻ സ്ഥാപിച്ച സഭ എല്ലാക്കാലത്തും ഭയങ്കര മർദ്ദനങ്ങൾക്കു വിധേയമാകുമെങ്കിലും ഒരിക്കലും നശിക്കാതെ ലോകം മുഴുവൻ പ്രചരിച്ചു സദാ അഭിവൃദ്ധി പ്രാപിക്കുമെന്നും, ജെറുസലേമിലുണ്ടായിരുന്ന ബ്രഹ്മാണ്ഡവും അതിമനോഹരവുമായ ദേവാലയം കല്ലിന്മേൽ കല്ലു് ശേഷിക്കാതെ നശിച്ചുപോകുമെന്നും ക്രിസ്തു സുവ്യക്തമായി പ്രവചിക്കുകയുണ്ടായി. ഈ പ്രവചനങ്ങളെല്ലാം പരിപൂൎണ്ണമായി നിറവേറി. താൻ ദൈവമാണെന്നുള്ള ക്രിസ്തുവിൻെറ പ്രഖ്യാപനത്തെ ഈ പ്രവചനങ്ങളും അവയുടെ പൂൎത്തീകരണവും എന്നന്നേക്കുമായി സ്ഥിരീകരിക്കുന്നു. ഇപ്രകാരം പണ്ഡിതനായ യാതൊരു ചിന്തകനും ക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കുവാൻ സാധിക്കാത്തവിധം അത്രയ്ക്കു ചരിത്രപരവും വിവിധവും പ്രബലവുമായ തെളിവുകളാണു് ഈ വിഷയത്തിലുള്ളതു്.

ഇങ്ങനെ ക്രിസ്തുമതത്തിൻെറ സ്ഥാപകൻ ദൈവമായ ക്രിസ്തുവാണു്. ക്രിസ്തുമതത്തിൻെറ തത്വങ്ങൾ ദൈവമായ

www.malankaralibrary.com

ക്രിസ്തു മനുഷ്യനായി അവതരിച്ചു് വെളിപ്പെടുത്തിയവയാണു്. എങ്ങനെ ഏക ദൈവത്തെ ആരാധിക്കണമെന്നും, നിത്യരക്ഷ ലഭിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണു് മനുഷ്യർ സ്വീകരിക്കേണ്ടതെന്നും ഖണ്ഡിതമായി ക്രിസ്തു വ്യക്തമാക്കി. ഇങ്ങനെ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും, തെറ്റൊന്നും ഇല്ലാതെ മുഴുവൻ സത്യമുള്ളതുമായ ഒരു മതമാണു് ക്രിസ്തുമതം. മറ്റൊരു മതത്തിനും ഇങ്ങനെയുള്ള ഒരു ഉൽകൃഷ്ടസ്ഥാനമില്ല. ഇതരമതങ്ങളിൽ പല നല്ല ഉപദേശങ്ങളും അടങ്ങിയിട്ടുണ്ടു് എന്നതു വിസ്മരിച്ചുകൂടാ. അവയോടുകൂടി മുകളിൽ പറഞ്ഞവിധം സന്മാർഗ്ഗവിരുദ്ധമായ ചില ഉപദേശങ്ങളും ആചാരങ്ങളും ആ മതങ്ങളിൽ കണ്ടെന്നുവരാം. ആകയാൽ ദൈവം അംഗീകരിച്ചിട്ടുള്ള മുഴുവൻ സത്യവും അവയിൽ ഇല്ല.

കൊച്ചുകുട്ടികൾ പഠിക്കുന്ന പള്ളിക്കൂടത്തിൽ അദ്ധ്യാപകൻ എട്ടും നാലും എത്രയെന്നു കുട്ടികളോടു ചോദിക്കുന്നെന്നു വിചാരിക്കുക. കുട്ടികൾ 9, 10, 11, 12 എന്നിങ്ങനെ ഉത്തരങ്ങൾ പറയുന്നു. ഈ ഉത്തരങ്ങളെല്ലാം ശരിയാണെന്നു പറയുന്നവർക്കു സത്യസന്ധതയില്ലെന്നു തീർച്ചയാണു്. വാസ്തവത്തിൽ പന്ത്രണ്ടു എന്നതു മാത്രമാണു ശരിയായ ഉത്തരം. പന്ത്രണ്ടിൽ അല്ലെങ്കിലും കൂടിയാലും കുറഞ്ഞാലും ശരിയായ ഉത്തരമാകയില്ല. എന്നാൽ എട്ടും നാലും പതിനൊന്നു എന്നു പറയുന്ന കുട്ടികളുടെ ഉത്തരമാണു 9, 10 എന്നിങ്ങനെ ഉത്തരം പറയുന്നവരുടെതിനെക്കാൾ സത്യത്തോടു അടുത്തതു്. ഇതുപോലെ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുമതം മാത്രമാണു ശരിയെന്നു പറഞ്ഞാൽ മറ്റു മതങ്ങളിലുള്ളതെല്ലാം തെറ്റാണെന്നു അർത്ഥമില്ല. സത്യമതത്തോടു കൂടുതലായോ കുറവായോ അവയ്ക്കു അടുപ്പമുണ്ടെന്നുവരാം. തെറ്റൊന്നും ഇല്ലാതെ മുഴുവൻ സത്യവും അവയിൽ അടങ്ങിയിട്ടുണ്ടെന്നു പറയുന്നതു ശരിയായിരിക്കയില്ല.

ഉദാഹരണമായി ക്രിസ്തുമതത്തിലുള്ള വേദപുസ്തകത്തിലെ പഴയനിയമം മുഴുവൻ യഹൂദമതത്തിൽ ഉള്ളവാത

www.malankaralibrary.com

ന്നെയാണ്. യഹൂദന്മാർ ഏക ദൈവത്തിൽ വിശ്വസിക്കുന്നു. ക്രിസ്തുവും അപ്പൊസ്തോലന്മാരും സഭയുടെ ആദിമ പിതാക്കന്മാരിൽ പലരും യഹൂദന്മാരായിരുന്നു. ഹിന്തുമതത്തിൽ ഈശ്വരധ്യാനം, സന്യാസജീവിതം, ത്യാഗം, പരോപകാരപ്രവൃത്തികൾ ആദിയായവയ്ക്കു വലിയ സ്ഥാനം നൽകുന്നുണ്ട്. ബുദ്ധമതവും ത്യാഗത്തിനും സ്വയം പരിത്യാഗത്തിനും വലിയ പ്രാമാണ്യം നൽകുന്നു. മഹമ്മദുമതവും ഏക ദൈവത്തിൽ വിശ്വസിക്കുന്നു. ക്രിസ്തുവിനെ ദൈവമായി മഹമ്മദീയർ പരിഗണിക്കുന്നില്ലെങ്കിലും ദൈവത്തിൻെറ ഒരു പ്രവാചകനായി കരുതുന്നു. കന്യകമറിയത്തെപ്പററി ബഹുമാനപൂർവ്വം അവർ സംസാരിക്കുന്നു. പ്രാർത്ഥന, ദാനം, ഉപവാസം എന്നിവയ്ക്കു വലിയ പ്രാമാണ്യം അവർ നൽകുന്നു. ലോകത്തിലുള്ള മതങ്ങളെല്ലാംതന്നെ ദൈവമുണ്ട്, മനുഷ്യാത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടാൽ ഒരിക്കലും നശിക്കയില്ല, മരണാനന്തര ജീവിതമുണ്ട്, ഓരോ മനുഷ്യൻെറയും ലോകജീവിതത്തിലെ പ്രവൃത്തികൾക്കനുസരണമായി സമ്മാനം അല്ലെങ്കിൽ ശിക്ഷ അഥവാ സ്വർഗ്ഗനരകങ്ങളുണ്ട്, ഈ ലോകത്തിൽ അനുതാപം, പ്രാർത്ഥന, ത്യാഗം, ഉപവാസം, ദാനം എന്നിവയാൽ പാപങ്ങൾക്കു തക്കതായ പരിഹാരം വരുത്തുകയും പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കയും ചെയ്യാം എന്നു വിശ്വസിക്കുന്നു. ഹിന്തുക്കളുടെ ഭഗവൽഗീതയിലും മഹമ്മദീയരുടെ കൊറാനിലും മററുമതങ്ങളുടെ മതഗ്രന്ഥങ്ങളിലും ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിലെപ്പോലെ വിശിഷ്ടങ്ങളായ പല ഉപദേശങ്ങളും കാണ്മാനുണ്ട്. ഇങ്ങനെ അനേക കാൎയ്യങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുമതതത്വങ്ങളോടു ഈ മതങ്ങൾക്കു സാമ്യമുണ്ട്. എങ്കിലും ക്രിസ്തുമതത്തിലുള്ളതുപോലെ, തെററൊന്നും കൂടാതെ മുഴുവൻ സത്യവും ഈ മതങ്ങളിലൊന്നുമില്ലെന്നുള്ള വാസ്തവം സമ്മതിച്ചേതീരൂ. അതുപോലെ തന്നെ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുമതത്തിലെ തത്വങ്ങൾക്കു നേരേ വിപരീതമായി ഇതര മതങ്ങളിൽ കാണുന്ന തത്വങ്ങളൊന്നും ശരിയാകുവാൻ നിവൃത്തിയില്ലെന്നും സമ്മതിക്കണം.

www.malankaralibrary.com

പിള്ള—തോമസ്സ് പറയുന്നതു വാസ്തവമാണെങ്കിൽ എല്ലാമതക്കാരും ക്രിസ്തുവിൽ വിശ്വസിച്ചു ക്രിസ്തുമതം സ്വീകരിക്കയാണല്ലോ വേണ്ടതു്. അങ്ങനെയെങ്കിൽ "മതം ഏതായാലും വേണ്ടുകയില്ല, മനുഷ്യൻ നന്നായാൽമതി" എന്നു പറഞ്ഞിട്ടുള്ള ശ്രീനാരായണഗുരുവിന്റെ ഉപദേശവും തെററാണെന്നാണോ തോമസ്സിന്റെ അഭിപ്രായം?

തോമസ്സ്—ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ ക്രിസ്തുമതം ലോകത്തിൽ ഉള്ളപ്പോൾ മതം ഏതായാലും മതി എന്ന അഭിപ്രായം സ്വീകാൎയ്യമല്ല. ദൈവസ്ഥാപിതമായ ക്രിസ്തുമതത്തെ മനഃപൂൎവ്വം നിരസിച്ചുകൊണ്ടു് ഏതെങ്കിലും അക്രൈസ്തവ മതത്തിൽ നില്ക്കുന്നയാൾ ദൈവത്തിന്റെ ഇഷ്ടത്തിനു വിപരീതമായി പ്രവൎത്തിക്കുന്നതിനാൽ അങ്ങനെയുള്ള ആൾ നല്ല ജീവിതമാണു നയിക്കുന്നതെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ നല്ല ജീവിതം നയിക്കുന്ന ആൾ ദൈവത്തിന്റെ ഇഷ്ടം എന്തെന്നു ശരിയായി അറിഞ്ഞാൽ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നാലും അറിഞ്ഞ സത്യമനുസരിച്ചു ജീവിക്കുവാൻ സന്നദ്ധനായിരിക്കും. ആകയാൽ ദൈവം സ്ഥാപിച്ച ഒരു മതം ലോകത്തിൽ ഇല്ലാതിരുന്നെങ്കിൽ ഓരോ മനുഷ്യനും ഇഷ്ടമുള്ള ഒരു മതത്തിൽ നിന്നുകൊണ്ടു് മനസ്സാക്ഷിപ്രകാരമുള്ള ഒരു നല്ലജീവിതം നയിച്ചാൽ മതിയായിരുന്നു. എന്നാൽ ദൈവം സ്ഥാപിച്ച ക്രിസ്തുമതം ലോകത്തിലുള്ളപ്പോൾ ഇക്കാൎയ്യം അറിഞ്ഞുകൊണ്ടു മനഃപൂൎവ്വം ഇതരമതങ്ങളിൽ നില്ക്കുന്നവൎക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കയില്ല. എന്നാൽ ഈ സംഗതികളൊന്നും അറിയാതെ അതായതു മനഃപൂൎവ്വമല്ലാതെ അജ്ഞതയിൽ ഇതരമതങ്ങളിൽ മനസ്സാക്ഷിയനുസരിച്ചു നന്നായി ജീവിക്കുന്ന മനുഷ്യരോടു ദൈവം കാരുണ്യം കാണിക്കും. അറിഞ്ഞുകൊണ്ടു കുററം ചെയ്യുന്നവരെ മാത്രമേ നീതിമാനായ ദൈവം ശിക്ഷിക്കയുള്ളു. ഒന്നുരണ്ടു ഉദാഹരണങ്ങൾകൊണ്ടു് ഇക്കാൎയ്യം വിശദമാക്കാം.

www.malankaralibrary.com

ഗവണ്മെണ്ടിൽനിന്നും ട്രാൻസ്പോർട്ടു വണ്ടി ഓടിക്കുന്നിടത്തു അറിഞ്ഞുകൊണ്ടു വേറെ ലൈൻബസ്സു ഓടിക്കുന്നവർ ആരാണെങ്കിലും കുററക്കാരാണല്ലോ. എന്നാൽ അക്കാര്യം അറിയാതെ വണ്ടി ഓടിക്കുന്നവക്കും അതിൽ കയറുന്നവക്കും കുററമില്ല. ഇതുപോലെ ദൈവം സ്ഥാപിച്ച ഏകസത്യമതം ലോകത്തിലുള്ളപ്പോൾ വേറെ മതങ്ങൾ സ്ഥാപിക്കുന്നതിനോ, അവയുടെ അംഗങ്ങൾ ആകുന്നതിനോ മനുഷ്യക്കു അവകാശമില്ല. ദൈവം കല്പിച്ചിരിക്കുന്ന വിധത്തിൽ വേണം ദൈവത്തെ ആരാധിക്കാൻ. ആകയാൽ ഓരോരുത്തന്റെയും ഇഷ്ടമനുസരിച്ചു് ഏതെങ്കിലും മതത്തിൽ നിന്നു ദൈവത്തെ ആരാധിച്ചാൽ ദൈവം പ്രസാദിക്കയില്ല. അങ്ങനെ ദൈവം പ്രസാദിക്കുമായിരുന്നെങ്കിൽ ഒരു പ്രത്യേക മതത്തെ അവിടുന്നു സ്ഥാപിക്കയില്ലായിരുന്നു. എങ്കിലും ദൈവം സ്ഥാപിച്ച മതം ഏതെന്നു അറിയാതെ ഇതര മതങ്ങളിൽ നിന്നു മനസ്സാക്ഷിയനുസരിച്ചു നല്ല ജീവിതം നയിക്കുന്നവക്ഷം സ്നേഹമൂത്തിയായ ദൈവം കരുണ കാണിക്കും. അറിഞ്ഞുകൊണ്ടു കുററം ചെയ്യുന്നവരെയോ നീതിമാനായ അവിടുന്നു ശിക്ഷിക്കും.

തീവണ്ടിയിൽ മൂന്നാംക്ലാസ്സിനു ടിക്കററു വാങ്ങിയിട്ടു മനഃപൂർവ്വം ഒന്നാംക്ലാസ്സിൽ കയറിയിരിക്കുന്ന യാത്രക്കാരൻ കുററക്കാരനാണു്. അവനെ അധികാരികൾ കണ്ടുപിടിച്ചാൽ ശിക്ഷിക്കും. എന്നാൽ തീവണ്ടിയുടെ നിയമങ്ങളൊന്നും അറിവില്ലാത്ത ഒരു „മലമൂടൻ" മൂന്നാംക്ലാസ്സിനു ടിക്കററു വാങ്ങിയിട്ടു ഒന്നാംക്ലാസ്സിൽ കയറിയിരുന്നാൽ തീവണ്ടിയധികാരികൾ അവനോടു കരുണ കാണിക്കുക പതിവുണ്ടു്. ഇതുപോലെ വേണ്ട അറിവില്ലാഞ്ഞിട്ടു് ക്രിസ്തുമതം സ്വീകരിക്കാതെ ഇതരമതങ്ങളിൽ മനസ്സാക്ഷിയനുസരിച്ചു നല്ല ജീവിതം നയിക്കുന്നവരോടു ദൈവം കരുണ കാണിക്കും എന്നു വിശ്വസിക്കാവുന്നതാണു്. അതുകൊണ്ടു അവർ നില്ക്കുന്ന മതങ്ങൾ ക്രിസ്തുമതംപോലെ ശരിയിണെന്നോ, മാഹാത്മ്യമുള്ളതാണെന്നോ, ദൈവത്താൽ അംഗീകൃതമാണെന്നോ അത്ഥമില്ല. അറിയാതെ കുററം ചെയ്യുന്നവരെ ദൈ

www.malankaralibrary.com

വം ശിക്ഷിക്കയില്ലെന്നു മാത്രമേ ഇതിൽനിന്നു് അനുമാനിക്കേണ്ടതുള്ളൂ. കള്ളനോട്ടു കൈവശം കിട്ടിയ ഒരാൾ അക്കാര്യം അറിയാതെ അതു മാറിയാൽ കുററക്കാരനാകയില്ല. എങ്കിലും കള്ളനോട്ടു് നല്ല നോട്ടാകയില്ലല്ലോ.

ഒരാൾ അവലംബിച്ചിരിക്കുന്ന മതത്തിന്റെ സത്യാവസ്തുതയെ സംബന്ധിച്ചു ന്യായമായ സംശയങ്ങൾ തോന്നുന്നെങ്കിൽ വേണ്ട അന്വേഷണം നടത്തി സത്യമതം കണ്ടുപിടിക്കുന്നതിനും, കണ്ടുപിടിച്ചെങ്കിൽ അതിനെ ആശ്ലേഷിക്കുന്നതിനും അയാൾക്കു ഗൌരവാവഹമായ ചുമതലയുണ്ടു്. ഈ ചുമതല ഗണ്യമായവിധം നിറവേററാതിരിക്കുന്നെങ്കിൽ അയാൾ കഠിനപാപത്തിൽ ഉൾപ്പെടും. എന്തുകൊണ്ടെന്നാൽ മതത്തെ സംബന്ധിച്ചുള്ള മനുഷ്യന്റെ ചുമതല വലുതാണു്.

വഴിതെററി കല്ലിലും മുള്ളിലും ചവുട്ടി നടക്കുന്നവക്കു നല്ല വഴി പറഞ്ഞുകൊടുക്കാൻ ഒരാൾക്കു് അറിയാമെങ്കിൽ അങ്ങനെ പറഞ്ഞുകൊടുക്കാൻ അയാൾക്കു കടമയുണ്ടല്ലോ. ഇതുപോലെ ക്രിസ്ത്യാനികൾക്കു ഇതരമതസ്ഥരെ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുമതം എന്ന ഏക സത്യമതത്തിലേക്കു് ആനയിക്കുവാൻ ചുമതലയുണ്ടു്. ഇക്കാരണത്താലാണു് അവർ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം എപ്പോഴും വേണമെന്നു് അവകാശപ്പെടുന്നതും. നല്ല വഴി ഏതെന്നു ബോദ്ധ്യപ്പെട്ടിട്ടും ആരെങ്കിലും ആ വഴിയെ പോകുന്നില്ലെങ്കിൽ വഴിപറഞ്ഞുകൊടുക്കുന്നവർ ദൈവസന്നിധിയിൽ കുററക്കാരാകയില്ല. സ്വാതന്ത്ര്യം ദുരുപയോഗിക്കുന്നവരോടു ദൈവം കണക്കു ചോദിച്ചുകൊള്ളും എന്നു വിചാരിച്ചു് അവർ സമാധാനിക്കട്ടെ. എന്നാൽ ക്രിസ്തുമതം മാത്രമാണു ദൈവസ്ഥാപിതമതമെന്നു മനോബോദ്ധ്യം ലഭിക്കാത്തവരെ നിർബന്ധിച്ചു ക്രിസ്തുമതത്തിൽ ചേർക്കുന്നതു ശരിയല്ല. മനസ്സാക്ഷിക്കു വിരുദ്ധമായി ഒരാൾ പ്രവത്തിക്കുന്നതിനു ബാദ്ധ്യസ്ഥനല്ല.

www.malankaralibrary.com

മൊയ്തീൻ—ഞങ്ങളുടെ സംശയങ്ങളെല്ലാം ഇപ്പോൾ തീൎന്നിരിക്കുന്നു. ക്രിസ്തുമതത്തിനു് ഇതരമതങ്ങളെ അപേക്ഷിച്ചു് ഇത്ര മാഹാത്മ്യമുണ്ടെന്നും, അതുമാത്രമാണു് ശരിയെന്നുള്ള ക്രിസ്ത്യാനികളുടെ വാദം ഇത്ര യുക്തയുക്തമാണെന്നും ഞങ്ങൾ ഇതുവരെ മനസ്സിലാക്കിയിരുന്നില്ല. ഏതായാലും ഇവയൊന്നും അറിയാതെ ഞങ്ങൾ മഹമ്മദുമതത്തിലോ, ഹിന്ദുമതത്തിലോ ഇതുവരെ നിന്നുപോയി. അതിൽ ഞങ്ങൾക്കു കുററമില്ലെന്നും അറിയാൻ ഇടയായതിൽ ആശ്വാസമുണ്ടു്. എന്നാൽ ഇന്നുതുടങ്ങി ക്രിസ്തുമത തത്വങ്ങൾ പഠിച്ചു് താമസംവിനാ ദൈവസ്ഥാപിതമായ ക്രിസ്തുമതത്തിൽ തന്നെ ചേൎന്നു് ദൈവം വെളിപ്പെടുത്തിയിട്ടുള്ളവിധം ജീവിക്കുവാൻ ഞങ്ങൾ ശ്രമിച്ചുകൊള്ളാം. നല്ല വഴിയുണ്ടെങ്കിൽ ആ വഴിയേ ആണല്ലോ നാം പോകേണ്ടതു്. ദൈവം വെളിപ്പെടുത്തിയ ഒരു മതമുണ്ടെങ്കിൽ തീർച്ചയായും അതു സ്വീകരിക്കുവാൻ എല്ലാ മനുഷ്യൎക്കും കടമയുണ്ടു്. അങ്ങനെയെങ്കിൽ ഏതു മതത്തിൽ നിന്നാലും ദൈവത്തെ പ്രസാദിപ്പിക്കാമെന്നുള്ള അഭിപ്രായം ഒരിക്കലും ശരിയല്ല.

തോമസ്—കൊള്ളാം. നിങ്ങളുടെ തെററിദ്ധാരണകൾ നീങ്ങിയതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ദൈവം നിങ്ങളുടെ സന്മനസ്സിനെ അനുഗ്രഹിക്കട്ടെ. പരമകാരുണികനായ ദൈവത്തിനു സ്തോത്രം.

MALANKARA
LIBRARY
www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com